"ഭരണഭാഷ-മാതൃഭാഷ"

**ജില്ലാ കളക്ടർ കോട്ടയത്തിന്റെ നടപടിക്രമം**

(ഹാജർ : പി.കെ സുധീർ ബാബു ഐ.എ.എസ്)

**ജി7-53641/13.** **തീയതി; 20-05-2019.**

വിഷയം:-റെയിൽവേപാത ഇരട്ടിപ്പിക്കൽ - LARR Act-2013 പ്രകാരം കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ മുട്ടമ്പലം വില്ലേജലെ നാഗമ്പടം R.O.B ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി സാമൂഹ്യപ്രത്യാഘാതപഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ട് അംഗീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 1/4/18 ലെ കോട്ടയം ജില്ലാ കളക്ടറുടെ ജി7-53641/13 നമ്പർ നടപടിക്രമം.
2) 14/5/19 ൽ No.AVEN/CN/LA/1/KTYM നമ്പർ പ്രകാരം വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട്

*******

മുളന്തുരുത്തി-ചെങ്ങന്നൂർ റെയിൽവേ പാത ഇരട്ടിപ്പിക്കലിനോടനുബന്ധിച്ച് കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ മുട്ടമ്പലം വില്ലേജിലെ നാഗമ്പടം റെയിൽവേ ഓവർ ബ്രിഡ്ജിനുവേണ്ടി 0.11.62 ഹെക്ടർ സ്ഥലം Right to fair Compensation and Transparancy in Land Aquisition Rehabilitation and Resettlement Act 2013 ലെ സെക്ഷൻ I ൽ നിഷ്കർഷിച്ചിരിക്കുന്നതു പ്രകാരം സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് പരിശോധിക്കുന്നതിനായി സൂചന (1) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള വിദഗ്ധ സമിതി സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ടി നിയമത്തിന്റെ 8-ാം വകുപ്പ് പ്രകാരം വിദഗ്ധ സമിതി റിപ്പോർട്ട് പരിശോധിച്ചതിൽ ടി സ്ഥലം ഏറ്റെടുക്കുന്നതിലേക്ക് യുക്തവും വിശ്വാസ്യയോഗ്യവും ജനങ്ങളുടെ ചുരുങ്ങിയ ഒഴിപ്പിക്കൽ പശ്ചാത്തല സൗകര്യങ്ങൾക്കും പരിസ്ഥിതിക്ക് കുറഞ്ഞ ഉപദ്രവം, ബാധിക്കപ്പെട്ട വ്യക്തികൾക്ക് ഏറ്റവും കുറഞ്ഞ പ്രത്യാഘാതം എന്നിവ ഉറപ്പാക്കുന്നതായി കാണുന്നു.

മേൽ സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ മുട്ടമ്പലം വില്ലേജിൽ നാഗമ്പടം ROB ക്ക് വേണ്ടി 0.11.62 ഹെക്ടർ സ്ഥലം റെയിൽവേപ്പാത ഇരട്ടിപ്പിക്കലിനോടനുബന്ധിച്ച് ഏറ്റെടുക്കുന്നതിനായി തീരുമാനിച്ച് ഉത്തരവാകുന്നു.

LA(RR) Act 2013 പ്രകാരമുള്ള പുനരധിവാസ പാക്കേജിന് ടി സ്ഥലമുടമകൾ അർഹരാണെങ്കിൽ ആയത് തയ്യാറാക്കി സമർപ്പിക്കുന്നതിന് സ്പെഷ്യൽ തഹസീൽദാർ (എൽ.എ) റെയിൽവെ, കോട്ടയത്തിനെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

**(ഒപ്പ്)**
**ജില്ലാ കളക്ടർ**
**കോട്ടയം**

**ഉത്തരവിൻ പ്രകാരം**

**ഡെപ്യൂട്ടി കളക്ടർ (എൽ.എ)**

പകർപ്പ്: 1) സ്പെഷ്യൽ തഹസിൽദാർ,
(എൽ.എ) റെയിൽവെ, കോട്ടയം (തുടർ നടപടികൾക്കായി)
2) ജില്ലാ കളക്ടറുടെ വെബ് സൈറ്റ് (NIC)